ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റാന്നി നിയോജകമണ്ഡലത്തിൽ നാറാണമ്മൂഴി പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) ബാക്കിയുള്ള റാന്നി, അങ്ങാടി, സീതത്തോട്, എന്നീ പഞ്ചായത്തുകളിൽ പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് ശ്രമിച്ചു വരുന്നു.

(ഡി&ഇ) ഈ സർക്കാരിന്റെ കാലത്ത് റാന്നി നിയോജക മണ്ഡലത്തിൽ സൂപ്പർമാർക്കറ്റുകൾ ഒന്നും ആരംഭിച്ചിട്ടില്ല. പുതിയ സൂപ്പർമാർക്കറ്റുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മാവേലിസ്റ്റോറിലെ ബില്ലുകൾ

182 (184) ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ ഇംഗ്ലീഷിലാണ് ബില്ല് തയ്യാറാക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ഇംഗ്ലീഷ് ഭാഷാജ്ഞാനമില്ലാത്ത സാധാരണക്കാർ ബുദ്ധിമുട്ടുന്നു എന്നതുകൊണ്ട് മലയാളത്തിൽ ബില്ല് കൊടുക്കാൻ ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) മാവേലിസ്റ്റോറുകളിൽ എഴുതികൊടുക്കുന്ന ബില്ലുകൾ മലയാളത്തിലാണ് തയ്യാറാക്കുന്നത്. എന്നാൽ ബില്ലിംഗ് മെഷീൻ ഉപയോഗിക്കുന്ന സ്റ്റോറുകളിൽ ബില്ല് ഇംഗ്ലീഷിലാണ് തയ്യാറാക്കി നൽകുന്നത്. വിറ്റുവരവ് കൂടുതലുള്ള മാവേലി സ്റ്റോറുകളിൽ ബില്ലിംഗ് മെഷീനുകൾ അനുപേക്ഷണീയമാണ്. ഇംഗ്ലീഷിൽ ബില്ലുകൊടുക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയാളത്തിൽ ബില്ലു തയ്യാറാക്കുന്നകാര്യം, ഇതിനുള്ള സാങ്കേതിക വിദ്യയുടെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

വർക്കല നിയോജകമണ്ഡലത്തിലെ മാവേലിസ്റ്റോർ

183 (185) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് വ്യക്തമാക്കുമോ ;

(ബി) പാളയംകുന്ന് പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ ഇലകമൺ പഞ്ചായത്തിന്റെതാകയാൽ ചെമ്മരുതി പഞ്ചായത്തിന് പഞ്ചായത്ത് തീരുമാനം അനുസരിച്ച് ഒരു മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly